©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2020 ഡിസംബർ 05<br>05th December 2020<br>1196 വൃശ്ചികം 20<br>20th Vrischikam 1196<br>1942 അഗ്രഹായനം 14<br>14th Agrahayana 1942 | നമ്പർ<br>No. 2939 |

### കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി)നം.77/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, 05/12/2020

**എസ്. ആർ. ഒ. നമ്പർ 850/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994 -ലെ 13 ) 74 എ വകുപ്പ് പ്രകാരം പ്രത്യേക വിഭാഗങ്ങളിലെ സമ്മതിദായകർക്ക്, അതായത് സാംക്രമിക രോഗം ബാധിച്ച ഏതൊരാൾക്കും, ക്വാറന്റൈനിൽ ആയിരിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിങ് സ്റ്റേഷനിൽ ആക്റ്റിന്റെ 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത് നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി-യിലെ (6)-ാം ഉപചട്ടത്തിൽ സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ പ്രത്യേക പോളിങ് ആഫീസറെയോ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെയോ അധികാരപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13 ) 74 എ വകുപ്പും 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 സി യിലെ (6)-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്നതിനുള്ള ഉദ്യോഗസ്ഥരായി പ്രത്യേക പോളിങ് ആഫീസറെ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെ ഇതിനാൽ അധികാരപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 78) പ്രകാരം ഭേദഗതി ചെയ്ത 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ (1994-ലെ 13 ) 74 എ വകുപ്പിലെ (1)-ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള വിഭാഗം ആളുകൾക്ക്, അതായത് സാംക്രമിക രോഗം ബാധിച്ച ഏതൊരാൾക്കും, ക്വാറന്റൈനിൽ ആയിരിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ മേൽ പരാമർശിച്ച ഏതെങ്കിലും വിഭാഗങ്ങളിലെ സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിങ് സ്റ്റേഷനിൽ 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത് നേരിട്ട് വോട്ട് ചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 24 സി ചട്ടത്തിലെ (6)-ാം ഉപചട്ടത്തിൽ സർക്കാർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന പ്രത്യേക വിഭാഗം സമ്മതിദായകരുടെ ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്താൻ പ്രത്യേക പോളിങ് ആഫീസറെയോ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെയോ അധികാരപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് ഫാറം 16-ലുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്നതിന് പ്രത്യേക പോളിങ് ആഫീസറെ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറെ അധികാരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.05 06:07:15 +05:30